പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2092 26.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിലെ സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ കടക്കെണിയിൽ നിന്നും രക്ഷിച്ച് സേവന മേഖലയിൽ നിലനിർത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | (എ) | കെ.എസ്.ആർ.ടി.സി. യെ സേവന മേഖലയിൽ നിലനിർത്തുന്നതിനായി ഉചിതമായ സാമ്പത്തിക സഹായം സർക്കാർ നൽകി വരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ 57.07 കോടി രൂപ പദ്ധതി ഇനത്തിലും 100 കോടി രൂപ നോൺ പ്ലാൻ വായ്പ ഇനത്തിലും ബജറ്റിൽ വകയിരുത്തിയതിനു പുറമെ ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനായി 50 കോടി രൂപയും കെ. എസ്.ആർ.ടി.സി. യ്ക്ക് നൽകുകയുണ്ടായി. ഡീസൽ വില വർദ്ധനവുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് താൽക്കാലിക സഹായമായി 28 കോടി രൂപ നൽകുകയുണ്ടായി. ഇതുകൂടാതെ അടിയന്തിര സാമ്പത്തിക സഹായമായി 25 കോടി രൂപ 2013 മാർച്ച് മാസത്തിൽ അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ നിലനിൽപ്പിനായി ഉചിതമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെടുത്തുന്നതിനും രക്ഷപ്പെടുത്തുന്നതിനും കേന്ദ്രത്തിൽ നിന്നും 1000 കോടി രൂപ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രകാരം ഇതേവരെ എന്തു തുക ലഭിച്ചു. ലഭിച്ചില്ലെങ്കിൽ ആയതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെ സാമ്പത്തിക പ്രശ്നങ്ങളിൽ നിന്നും കരകയറ്റുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതിന് നിലവിൽ പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കുന്നില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) | മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതുപോലെ വികേന്ദ്രീകരിച്ച ഔട്ട് ലെറ്റുകളിൽ നിന്ന് ഡീസൽ നിറയ്ക്കാൻ കെ.എസ്.ആർ.ടി.സി.ക്ക് സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | സബ്സിഡിയോടുകൂടിയ നിരക്കിൽ ഡീസൽ ശേഖരിക്കുവാൻ കെ.എസ്. ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, |

| | | | |
|---|---|---|---|
| | | | കോഴിക്കോട് എന്നീ ഡിപ്പോകളിലെ ബസ്സുകൾക്ക്, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നുമാണ് ഡീസൽ നിറയ്ക്കുന്നത്. ബാക്കി സ്ഥലങ്ങളിൽ റീട്ടെയിൽ ഔട്ട്ലെറ്റു കളിൽ നിന്നും ഡീസൽ നിറയ്ക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഒരു ലിറ്റർ ഇന്ധനം കൊണ്ട് 3.81 കിലോ മീറ്റർ ഓടിക്കൊണ്ടിരുന്ന സ്ഥാനത്ത് നിന്നും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 4.27 കിലോമീറ്റർ വരെ ആക്കിയത് ശ്രദ്ധയിൽപ്പെട്ടുവോ; | (ഡി) | ഉണ്ട് |
| (ഇ) | കെ.എസ്.ആർ.ടി.സി. യുടെ നില നിൽപ്പിന് സുന്ദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരി ച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) | മോട്ടോർ വാഹനനിയമത്തിലെ വ്യവ സ്ഥകൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗ മായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്ര സർക്കാർ, കേന്ദ്ര ഉപരിതല ഗതാഗതവും ദേശീയപാതയും മന്ത്രാലയത്തിന്റെ മുൻ സെക്രട്ടറിയായി രുന്ന ശ്രീ. എസ്. സുന്ദറിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതി യുടെ റിപ്പോർട്ട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് മോട്ടാർ വാഹന നിയമത്തിൽ നൽകുന്ന പരിരക്ഷയും, പ്രത്യേക പരിഗണനയും എടുത്തു കളയുന്ന രീതിയിലായിരുന്നു. ആയതി നാൽ ഈ റിപ്പോർട്ട് നടപ്പാക്കുന്നത് തടയുന്നതിനാവശ്യമായ നടപടികൾ കൈ ക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് അസോസിയേഷൻ ഓഫ് സ്റ്റേറ്റ് ട്രാൻ സ്പോർട്ട് അണ്ടർടേക്കിംഗിന് (എ. എസ്.ആർ.ടി.യു) കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ